കേൾക്കേണ്ട ശബ്ദം:

ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ കള്ളപ്രചരണം അഴിച്ചുവിട്ടവരിൽ ക്വാറി - എസ്റ്റേറ്റ് - മരം വെട്ട് മാഫിയകളൊക്കെ ഉണ്ടായിരുന്നു.

- പി.ടി. തോമസ് എം.എൽ.എ

മക്തബ്

1194 ചിങ്ങം 23 1439 ദുൽഹജ് 27

ഈ വിപത്തിനെ കുറിച്ചും ജാഗ്രത വേണം

കേരളത്തിൽ മഹാപ്രളയം സൃഷ്ടിച്ച കെടുതിയിൽ നിന്ന് കരകയറാനുള്ള പരിശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. അതിനിടയിൽ മറ്റൊരു വിപത്തിനെ കുറിച്ചുള്ള ആശങ്ക വളരുകയാണ്. അടുത്ത വേനൽക്കാലം കേരളം കടുത്ത വരൾച്ചയെ അഭിമുഖീകരിക്കേണ്ടി വരുമോയെന്നാണ് ആശങ്ക. കേരളത്തിലെ നദികളും കിണറുകളും ഒക്കെ അതിവേഗം വറ്റിക്കൊണ്ടിരിക്കുന്ന സാഹചര്യമാണ് ഇത്തരമൊരു ആശങ്കയ്ക്ക് അടിസ്ഥാനം. നേരത്തെ ഒറീസയിലുണ്ടായ ചുഴലിക്കാറ്റിനും പ്രളയത്തിനും ശേഷം അവിടെ കടുത്ത വരൾച്ചയെ അഭിമുഖീകരിക്കേണ്ടി വന്നുവെന്ന യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്.

ഔദ്യോഗിക കണക്ക് പ്രകാരം 1924ൽ കേരളത്തിൽ പ്രളയം സൃഷ്ടിച്ച പെരുമഴയെക്കാൾ കൂടുതൽ മഴ ഇത്തവണ പെയ്തിട്ടുണ്ട്. എന്നിട്ടും പുഴകളും കിണറുകളും വറ്റിക്കൊണ്ടിരിക്കുകയാണ്. ഇത്രയധികം മഴ പെയ്തിട്ടും ജലമൊക്കെ എവിടെ പോയി? ജലം മുഴുവൻ കടലിലേക്ക് ഒഴുകി പോവുകയായിരുന്നു. ഇതിനു കാരണം പുഴ നശീകരണവും വന നശീകരണവും നെൽവയലുകൾ ഇല്ലാതായതുമാണെന്ന് പരിസ്ഥിതി ശാസ്ത്രജ്ഞൻമാർ വിലയിരുത്തുന്നു. വൻതോതിലുള്ള മണലൂറ്റ് കാരണം പ്രളയകാലത്ത് പുഴയിൽ അടിഞ്ഞുകൂടിയത് ചെളിയായിരുന്നു. ചെളിക്ക് വെള്ളത്തെ താങ്ങിനിർത്താനുള്ള ശേഷിയില്ല. മണലിനെ പോലെ അടിത്തട്ടിലേക്ക് വെള്ളം അരിച്ചിറക്കാനും കഴിയില്ല. ഇതിന്റെ ഫലമായി ജലം മുഴുവൻ കടലിലേക്ക് ഒഴുകുകയായിരുന്നു. പുഴകളുടെ പുറമ്പോക്ക് കയ്യേറ്റമായിരുന്നു മറ്റൊരു പ്രധാന പ്രശ്നം. പുഴ പുറമ്പോക്കുകൾ നിലനിർത്തിയത് പുഴയുടെ സംരക്ഷണത്തിനു വേണ്ടിയായിരുന്നു. എന്നാൽ അവിടങ്ങളിലെ മരങ്ങൾ മുഴുവൻ മുറിച്ചു മാറ്റി പുറമ്പോക്കുകൾ കയ്യേറി നിർമ്മാണ പ്രവൃത്തി നടത്തിയതോടെ പുഴ മെലിയുകയും അവ നീർച്ചാലുകൾ മാത്രമായി ചുരുങ്ങുകയും ചെയ്തു. അതും മഴ വെള്ളം നഷ്ടമാകാൻ ഇടയാക്കുകയായിരുന്നു.

ഈയിടെ മന്ത്രി തോമസ് ഐസക് തന്നെ പറയുകയുണ്ടായി, വയലുകളിൽ കൃഷി നടത്തിയില്ലെങ്കിലും അവ സംരക്ഷിക്കപ്പെടണമെന്ന്. കാരണം വയലുകൾ ജലസംഭരണികളാണ്. എന്നാൽ എല്ലാ "വികസന" പ്രവൃത്തികൾക്കും വേണ്ടി ആദ്യം നശിപ്പിക്കുന്നത് വയലുകളാണ്. കാരണം വയലുകളുടെ സാമ്പത്തിക വശം മാത്രമേ കണക്കിലെടുക്കുന്നുള്ളൂവെന്നതാണ്. നഗരഭ ഭൂമിയും മറ്റും ''വികസന'' പ്രവൃത്തികൾക്ക് ഏറ്റെടുക്കുമ്പോൾ അതിന്റെ റിയൽ എസ്റ്റേറ്റ് മൂല്യം വളരെ കൂടുതലായിരിക്കും. അതിനാൽ "വിലകുറഞ്ഞ" വയലുകൾ ഏറ്റെടുക്കുക എന്നതാണ് ലാഭകരമെന്ന് കണക്ക് കൂട്ടുന്നു. എന്നാൽ നഗരഭൂമിയെക്കാളും പാരിസ്ഥിതികമൂല്യം വയലുകൾക്കുണ്ട്. അത് പണമൂല്യമായി കണക്കുകൂട്ടാനാവില്ല. കാരണം അതിന്റെ മൂല്യം എന്നത് മനുഷ്യ വംശത്തിന്റെ ജീവന്റെ വില തന്നെയാണ്. എത്രയോ തലമുറകൾക്ക് വേണ്ടിയുള്ള ജലസംഭരണിയാണത്.

വയലുകളാണ് മഴവെള്ളത്തെ ഒഴുക്കിവിടാതെ അതിന്റെ മടിത്തട്ടിൽ സംഭരിച്ചുവെക്കുന്നത്. കേരളത്തിൽ വയലുകളുടെ വിസ്തൃതി വൻതോതിൽ കുറഞ്ഞത് മഴവെള്ള ശേഖരണത്തെ വലിയ തോതിൽ ബാധിച്ചിട്ടുണ്ട്.

വയലുകൾ നികത്തുകയും കുന്നുകൾ ഇടിക്കുകയും ചെയ്ത് വികസന പദ്ധതികൾ നടപ്പിലാക്കുകയും വീടുകളിൽ ജലസംഭരണത്തിന് മഴക്കുഴികൾ നിർമ്മിക്കണമെന്ന് അനുശാസിക്കുകയും ചെയ്യുന്ന കാപട്യമാണ് ഇവിടെ നിലനിൽക്കുന്നത്. മഴക്കുഴികൾ ജലസംരക്ഷണത്തിലെ ചെറിയൊരു ഘടകം മാത്രമാണ്. ഓരോ മഴക്കാലം കഴിയുമ്പോഴും മഴക്കുഴികൾ ചെളിവന്ന് നിറയും. അപ്പോൾ ചെളി മാറ്റുന്നില്ലെങ്കിൽ അടുത്ത വർഷകാലത്ത് ഇത്തരം മഴക്കുഴികളെ കൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകില്ല. എന്നാൽ ഇവിടെ മഴക്കുഴികൾ നിർമ്മിക്കണമെന്ന് പറയുകയല്ലാതെ അതിന്റെ പരിപാലനത്തിനുള്ള യാതൊരു നടപടിയും സ്വീകരിക്കാറില്ല. ഈ മഴക്കുഴികളെക്കാൾ പ്രധാനമാണ് വയലുകളും കുന്നുകളുമെന്ന വസ്തുതയാണ് അംഗീകരിക്കേണ്ടത്. ഇതൊക്കെ നമ്മുടെ രാഷ്ട്രീയ നേതൃത്വങ്ങളുടെ തലയിൽ എത്ര കണ്ട് കയറുമെന്നതിനെ ആശ്രയിച്ചിരിക്കും കേരളത്തിന്റെ അതിജീവനം.

എന്നാൽ അതിന് സാധ്യത തീരെയില്ല. കാരണം വോട്ടുകൂട്ടി രാഷ്ട്രീയത്തിനപ്പുറം കാണാനുള്ള കാഴ്ച നഷ്ടപ്പെട്ടവരാണ് ഇവിടത്തെ രാഷ്ട്രീയ നേതൃത്വങ്ങൾ. ഗാഡ്ഗിൽ റിപ്പോർട്ട് വന്നപ്പോഴുണ്ടായ അനുഭവം നമ്മുടെ മുന്നിലുണ്ട്. അതേ കുറിച്ച് സമൂഹത്തിൽ ഒട്ടാകെ ചർച്ച നടത്തുന്നതിന് പകരം, റിപ്പോർട്ട് എന്താണെന്ന് വായിച്ചു പോലും നോക്കാതെ അതിന് എതിരേ നിക്ഷിപ്ത താൽപ്പര്യക്കാർ യുദ്ധസമാനമായ അന്തരീക്ഷം സൃഷ്ടിച്ചപ്പോൾ അതിനെ പിന്തുണച്ചവരാണ് ഇവിടത്തെ രാഷ്ട്രീയ നേതൃത്വങ്ങൾ. കേരളത്തിൽ ഒരേയൊരു രാഷ്ട്രീയ നേതാവ് മാത്രമേ ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ടിന് അനുകൂലമായി നിവർന്ന് നിന്നിട്ടുള്ളൂ. അത് കോൺഗ്രസ് നേതാവായ പി.ടി.തോമസായിരുന്നു. എന്നാൽ സ്വന്തം പാർട്ടി നേതൃത്വം പോലും ഇക്കാര്യത്തിൽ തന്നെ പിന്തുണച്ചില്ലെന്ന് അദേഹം കഴിഞ്ഞ ദിവസം തുറന്നടിക്കുകയുണ്ടായി. ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ടിന് എതിരേ കലാപം സൃഷ്ടിച്ച ഹൈറേഞ്ച് സംരക്ഷണ സമിതിയുടെ നേതാവ് ജോയ്സ് ജോർജിനെ കഴിഞ്ഞ ലോക്സഭ തിരഞ്ഞെടുപ്പിൽ ഇടതുമുന്നണി സ്ഥാനാർത്ഥിയായി അവതരിപ്പിക്കുന്നതാണ് കണ്ടത്. ഹൈറേഞ്ച് സംരക്ഷണ സമിതിയുടെ പിറകിൽ ഏതാനും പാതിരിമാരായിരുന്നു. അപ്പോൾ ക്രൈസ്തവ വോട്ട് ലഭിക്കാൻ നല്ല മാർഗം ജോയ്സ് ജോർജിനെ സ്ഥാനാർത്ഥിയാക്കുകയാണെന്ന് ഇടതുപക്ഷത്തിന് മനസിലായി. ഇടുക്കിയിലെ സിറ്റിംഗ് എം.പിയായിരുന്ന പി.ടി.തോമസിന് അവിടെ കോൺഗ്രസ് സീറ്റ് കൊടുത്തില്ല. പാതിരിമാരുടെ കുഞ്ഞാട് എന്ന് കോൺഗ്രസ് നേതാക്കൾ കരുതിയ ഡീൻ കുര്യാക്കോസിനെ കോൺഗ്രസ് സ്ഥാനാർത്ഥിയാക്കി. എന്നിട്ടും കോൺഗ്രസ് രക്ഷപ്പെട്ടില്ലെന്നത് മറ്റൊരു കാര്യം. കൊട്ടിയൂരിലും മറ്റും ഭീകരമായ അക്രമങ്ങൾ നടത്തിയ ഗാഡ്ഗിൽ വിരുദ്ധ സമരക്കാരുടെ കേസുകൾ പോലീസിന്റെ എതിർപ്പുപോലും അവഗണിച്ച് പിൻവലിച്ചത് പിണറായി സർക്കാറായിരുന്നു. അതുകൊണ്ട് കേരളീയർ പേടിക്കണം. അത് നമ്മുടെയൊക്കെ ജാഗ്രതയായി മാറണം. ഇനിയൊരു പ്രളയമോ, വരൾച്ചയോ കേരളത്തിന് താങ്ങാനാവില്ലെന്ന് വികസന ഭീകരരെ ബോധ്യപ്പെടുത്തണം.

ജില്ലാ സബ് ജൂനിയർ നെറ്റ്ബോൾ ചാമ്പ്യൻഷിപ്പ്

കണ്ണൂർ: ജില്ലാ നെറ്റ്ബോൾ അസോസിയേഷന്റെയും ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്ന ജില്ലാ നെറ്റ്ബോൾ സബ്ജൂനിയർ ചാമ്പ്യൻഷിപ്പ് നാളെ രാവിലെ 9 മണിക്ക് ജവഹർ സ്റ്റേഡിയത്തിൽ നടക്കും. 2003 ഏപ്രിൽ ഒന്നിനും അതിന് ശേഷവും ജനിച്ച കുട്ടികൾ എലിജിബിലിറ്റി സർട്ടിഫിക്കറ്റ് സഹിതം പങ്കെടുക്കാവുന്നതാണ്. വിശദ വിവരങ്ങൾക്ക് 9995571301 എന്ന നമ്പറുമായി ബന്ധപ്പെടുക.

രയരോത്ത് തെരുവ്നായ വിളയാട്ടം

ആലക്കോട്: രയരോം ടൗണിലും സ്കൂൾ പരിസരങ്ങളിലും തെരുവ്നായ വിളയാട്ടം അതിരൂക്ഷമായത് ജനങ്ങൾക്ക് ദുരിതമാകുന്നു. വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള വഴിയാത്രക്കാരും പുലർച്ചെ ബസ് കാത്തുനിൽക്കുന്നവരും തെരുവ്നായ വിളയാട്ടം കാരണം ആകെ വലഞ്ഞിരിക്കുകയാണ്. കൂട്ടമായെത്തുന്ന തെരുവ് നായ്ക്കൾ അക്രമാസക്തരാകുന്നത് ജനങ്ങളെ ഭീതിയിലാഴ്ത്തുകയാണ്. തെരുവ്നായ ശല്യം തടയുന്നതിന് അധികൃതർ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

ഏകദിന ശിൽപ്പശാല നടത്തി

ആലക്കോട്: ഉദയഗിരി പഞ്ചായത്തിൽ കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദീൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ഏകദിന ശിൽപ്പശാല പഞ്ചായത്ത് പ്രസിഡണ്ട് മിനിമാത്യു ഉദ്ഘാടനം ചെയ്തു. ബീനിജ് ജോർജ് അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡണ്ട് സിജോ തുണ്ടിയിൽ, പഞ്ചായത്ത് സെക്രട്ടറി ഒ.എം.ജോർജ്, പി.എ.ജോസഫ്, സരിത മാത്യു, ബീന സുരേഷ്, തങ്കമ്മ ദാമോദരൻ പ്രസംഗിച്ചു. ബ്ലോക്ക് കോ-ഓർഡിനേറ്റർ രത്നേഷ് ക്ലാസ് നയിച്ചു.

ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന
പഞ്ചായത്ത് തല കപ്പാസിറ്റി ബിൽഡിംഗ്
ശില്പ

ഉദയഗിരി പഞ്ചായത്തിൽ ഏകദിന ശിൽപ്പശാല പ്രസിഡണ്ട് മിനി മാത്യു ഉദ്ഘാടനം ചെയ്യുന്നു

കലുങ്കിലെ അപകടമൊഴിവാക്കാൻ നടപടികൾ തുടങ്ങി

ആലക്കോട്: കുട്ടിക്കിരി- ഓടക്കടവ് റോഡിലെ കലുങ്ക് വീതികൂട്ടൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഉടലെടുത്ത അപകടാവസ്ഥ പരിഹരിക്കാൻ അധികൃതർ നടപടികൾ തുടങ്ങി. കലുങ്കിനോട് ചേർന്നുള്ള കുഴിയിൽ വീണ് ആളുകൾക്ക് പരിക്കേൽക്കുന്ന സാഹചര്യത്തിലാണ് പഞ്ചായത്ത് അധികൃതരുടെ നേതൃത്വത്തിൽ നടപടികൾ തുടങ്ങിയത്. കുഴി നികത്തുന്നതിനും ശാസ്ത്രീയമായ വിധത്തിൽ കലുങ്കിന്റെ വീതി കൂട്ടൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുമുള്ള നടപടികളാണ് അധികൃതർ സ്വീകരിച്ചു തുടങ്ങിയത്. അപകടാവസ്ഥ സംബന്ധിച്ച് കഴിഞ്ഞ ദിവസം മക്തബ് വാർത്ത പ്രസിദ്ധീകരിച്ചതിനെ തുടർന്നാണ് അധികൃതരുടെ അടിയന്തിര നടപടികൾ. അതേസമയം കുട്ടിക്കിരി ഇമാം മുഹമ്മദിന് കലുങ്ക് കുഴിയിൽ വീണ് പരിക്കേറ്റതെന്ന നിലയിൽ വന്ന വാർത്ത ശരിയല്ലെന്ന് കുട്ടിക്കരി പള്ളി കമ്മിറ്റി അറിയിച്ചു. ഹൃദയസംബന്ധമായ അസുഖത്തെ തുടർന്നാണ് അദേഹം ചികിത്സയിൽ കഴിയുന്നത്. കുഴിയിൽ വീണതുമായി ഇതിന് ബന്ധമില്ലെന്നും സെക്രട്ടറി അറിയിച്ചു.

ഇന്ധനവില; 17ന് എൽ.ഡി.എഫ് ധർണ്ണ

കണ്ണൂർ: ഇന്ധനവിലവർദ്ധനവിനെതിരെ എൽ.ഡി.എഫിന്റെ ആഭിമുഖ്യത്തിൽ 17ന് അസംബ്ലി മണ്ഡലം കേന്ദ്രങ്ങളിലും മാഹിയിലും സായാഹ്ന ധർണ്ണകൾ സംഘടിപ്പിക്കാൻ ജില്ലാ കമ്മറ്റി തീരുമാനിച്ചു. പയ്യന്നൂർ, പിലത്താറ, തളിപ്പറമ്പ്, പുതിയതെരു, കണ്ണൂർ, ശ്രീകണ്ഠപുരം, തലശ്ശേരി, പാനൂർ, മമ്പറം, മട്ടന്നൂർ, ഇരിട്ടി, മാഹി എന്നീ കേന്ദ്രങ്ങളിൽ വൈകുന്നേരം 4 മണിമുതൽ 7 മണിവരെയാണ് ധർണ്ണ. 10 മുതൽ 15 വരെ മന്ത്രിമാരുടെ നേതൃത്വത്തിൽ നടക്കുന്ന മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള ഫണ്ട് ശേഖരണ പരിപാടിയും വിജയിപ്പിക്കണമെന്ന് യോഗം അഭ്യർത്ഥിച്ചു. യോഗത്തിൽ സി.രവീന്ദ്രൻ അധ്യക്ഷനായി. സി.പി.എം ജില്ലാ സെക്രട്ടറി പി.ജയരാജൻ, വത്സൻ പനോളി, ടി.ഐ.മധുസൂദനൻ, പി.വി.ഗോപിനാഥ്, കെ.സി.ജേക്കബ്ബ്, എം.ഉണ്ണികൃഷ്ണൻ, എം.പ്രഭാകരൻ, രാമചന്ദ്രൻ തില്ലങ്കേരി, ജോയി, സിറാജ് തയ്യിൽ, എ.പ്രദീപൻ, സി.പി.സന്തോഷ് കുമാർ, എ.ജെ.ജോസഫ്, പി.പി.ദിവാകരൻ, ഇ.പി.ആർ. വേശാല, മഹമൂദ് പറക്കാട്ട് സംസാരിച്ചു.

സാർവ്വജനിക ഗണേശോത്സവം 12 മുതൽ

ആലക്കോട്: വിനായക ചതുർത്ഥിയോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന സാർവ്വജനിക ഗണേശോത്സവം 12, 13, 14 തീയതികളിൽ വിവിധ പരിപാടികളോടെ ആലക്കോട് നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

12ന് വൈകുന്നേരം 5.30ന് ആലക്കോട് ഹിന്ദുധർമ്മ സ്തൂപം മുത്തപ്പൻ ദേവസ്ഥാനത്ത് ഗണേശ വിഗ്രഹ പ്രതിഷ്ഠ, 13ന് വിനായക ചതുർത്ഥി, രാവിലെ 5.30ന് അഷ്ടദ്രവ്യ മഹാഗണപതി ഹോമം 14ന് രാവിലെ 5.30ന് ഭഗവതിസേവ, ഉച്ചക്ക് 12 മണിക്ക് പ്രസാദ വിതരണം വൈകുന്നേരം മൂന്ന് മണിക്ക് അരങ്ങം ആറാട്ടു കടവിലേക്ക് ഗണേശ വിഗ്രഹ നിമഞ്ജന ഘോഷയാത്ര.

ബാലാലയ പ്രതിഷ്ഠ പത്തിന്

തളിപ്പറമ്പ: മുക്കുന്ന് വേട്ടക്കൊരുമകൻ കോട്ടം പുനരുദ്ധാരണത്തിന്റെ ഭാഗമായി പത്തിന് രാവിലെ പത്ത് മണിക്കും 10.30നും ഇടയിൽ തന്ത്രി നടുവിലത്ത് പുടയൂർ ഇല്ലത്ത് വാസുദേവൻ നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ ബാലാലയ പ്രതിഷ്ഠ നടക്കും. വയലപ്ര തറവാട് ആരുഢ സ്ഥാനത്തിന്റെ കുറ്റിയടിക്കൽ കർമ്മം 12ന് രാവിലെ പത്തിനും 10.30നും മധ്യേയും നടക്കും.

ബക്കളം: പ്രസിദ്ധമായ ബക്കളം നെല്ലിയോട്ട് ഭഗവതിക്ഷേത്രത്തിലെ ബാലാലയ പ്രതിഷ്ഠാ കർമ്മം സെപ്തംബർ 10 ന് രാവിലെ 10 മണിക്കും 10.45 നും മധ്യേ നടക്കും. ക്ഷേത്രം തന്ത്രി കരുവാരത്തില്ലത്ത് പരമേശ്വരൻ നമ്പൂതിരിപ്പാട് മുഖ്യ കാർമികത്വം വഹിക്കും. ഉച്ചക്ക് അന്നദാനവും ഏർപ്പെടുത്തിയതായി ഭാരവാഹികൾ അറിയിച്ചു.

STATE RESOURCE CENTRE (SRC), COMMUNITY COLLEGE
VIKAS BHAVAN, THIRUVANANTHAPURAM, STUDY CENTRE
TALIPARAMBA-670141, PH: 62 82 880 280

പഠന വൈകല്യ മാനേജ്മെന്റ് കോഴ്സ്
09–09–18ന് ആരംഭിക്കുന്നു

തളിപ്പറമ്പ്: തളിപ്പറമ്പിൽ സംസ്ഥാന ഗവൺമെന്റിന് കീഴിലുള്ള സ്റ്റേറ്റ് റിസോഴ്സ് സെന്റർ (എസ്.ആർ.സി) കമ്മ്യൂണിറ്റി കോളേജ് നടത്തുന്ന പഠനവൈകല്യ മാനേജ്മെന്റ് കോഴ്സ് 09-09-18ന് ആരംഭിക്കും. സ്ഥലം: മൈയിന്റ് കെയർ കൗൺസിലിംഗ് സെന്റർ, തളിപ്പറമ്പ്. ആറ് മാസം ദൈർഘ്യമുള്ളതാണ് സർട്ടിഫിക്കറ്റ് (സി.എം.എൽ.ഡി) കോഴ്സ്. ഞായറാഴ്ചകളിലോ അവധി ദിവസങ്ങളിലോ മാത്രമായിരിക്കും ക്ലാസ് നടക്കുക. 12-ാം തരം യോഗ്യതയോ, എസ്.എസ്.എൽ.സിക്ക് ശേഷമുള്ള ഏതെങ്കിലും ടീച്ചേഴ്സ് ട്രെയിനിംഗോ ആണ് അപേക്ഷിക്കുവാനുള്ള യോഗ്യത.
കൂടുതൽ വിവരങ്ങൾക്ക്: **6282 880 280, 8281 643 848** എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

പരിശീലന ക്ലാസ് ആരംഭിക്കും

തളിപ്പറമ്പ: സർസയ്യിദ് കോളേജിൽ ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, അറബിക്, കോമേഴ്സ് എന്നീ വിഷയങ്ങളിൽ യു.ജി.സി, നെറ്റ്/സി.എസ്.ഐ.ആർ പരീക്ഷകൾക്കുള്ള പരിശീലന ക്ലാസുകൾ ആരംഭിക്കുന്നു. ശനി, ഞായർ തുടങ്ങിയ അവധി ദിവസങ്ങളിലായിരിക്കും ക്ലാസ്. പഠനാവശ്യത്തിനായി കോളേജിലെ ലൈബ്രറി സംവിധാനവും ഉപയോഗപ്പെടുത്തും. വിശദ വിവരങ്ങൾക്ക് 15നകം 9447641115, 9567915792 ഈ നമ്പറുകളിൽ ബന്ധപ്പെടണം.

അനുശോചിച്ചു

കണ്ണൂർ: മലബാർ ദേവസ്വം സ്റ്റാഫ് യൂണിയൻ (ഐ.എൻ.ടി.യു.സി) ജില്ലാ വൈസ് പ്രസിഡണ്ടും ചാലാട് ധർമ്മശാസ്ത്ര ക്ഷേത്രം ജീവനക്കാരനുമായ വി.വി. കരുണാകരന്റെ നിര്യാണത്തിൽ സ്റ്റാഫ് യൂണിയൻ (ഐ.എൻ.ടി.യു.സി) ജില്ലാ കമ്മിറ്റി അനുശോചിച്ചു. ജില്ലാ പ്രസിഡണ്ട് കെ. ഗണേശൻ അധ്യക്ഷത വഹിച്ചു. കെ.സി. കേശവൻ, പി.എം. മോഹനൻ നമ്പീശൻ, പി.കെ. സുബ്രഹ്മണ്യൻ, പി.വി. ചന്ദ്രശേഖരൻ, പി.വി. പ്രവീൺകുമാർ, പി.ടി. രവീന്ദ്രൻ, എം. മഹേഷ്, എം. മാധവൻ, രഞ്ജിത്ത് ചാല, ടി.കെ. ബാബു, കെ. ബിനോജ്, കെ. വിനോദ്കുമാർ, പി.ടി. രസീത് കുമാർ, പി.കെ. മനോജ് പ്രസംഗിച്ചു.

തളിപ്പറമ്പ: തൃച്ചംബരം യു.പി സ്കൂൾ റിട്ടയേർഡ് അധ്യാപിക ടി.വി. മാധവി ടീച്ചറുടെ നിര്യാണത്തിൽ സ്കൂൾ സ്റ്റാഫ്, പി.ടി.എ പ്രതിനിധികൾ, മാനേജ്മെന്റ് പ്രതിനിധികൾ അനുശോചിച്ചു.

നവരാത്രി ആഘോഷം

കണ്ണൂർ: ശ്രീകൃഷ്ണൻ കോവിലിൽ നവരാത്രി ആഘോഷം സംഘടിപ്പിക്കാൻ തീരുമാനിച്ചു. പ്രസിഡണ്ട് പി.എ. അനിൽകുമാർ അധ്യക്ഷത വഹിച്ചു. രേഷ്മബേബി, എ.പി. പ്രകാശൻ, പ്രമോദ്, നവനീത കൃഷ്ണൻ, ശിവദാസ് സംസാരിച്ചു. പി.സി. ശ്യാം സ്വാഗതം പറഞ്ഞു.

പ്രളയ നാളുകളിൽ തീരം തകർത്തൊഴുകിയ പുഴകൾ ഒരു മാസത്തിനുള്ളിൽ മെലിഞ്ഞുണങ്ങി

പ്രളയദിനങ്ങളിൽ കര കവിഞ്ഞൊഴുകിയ കരുവഞ്ചാൽ പുഴ (ഫയൽ ഫോട്ടോ)



30 ദിവസത്തിന് ശേഷം കരുവഞ്ചാൽ പുഴയുടെ ഇപ്പോഴത്തെ അവസ്ഥ

ആലക്കോട്: പ്രളയ നാളുകളിൽ തീരം കവിഞ്ഞൊഴുകിയ മലയോരത്തെ പുഴകൾ മാനം തെളിഞ്ഞതോടെ വരണ്ടു തുടങ്ങി. കരുവഞ്ചാൽ, ആലക്കോട്, രയരോം, മണക്കടവ് ഉൾപ്പെടെയുള്ള പുഴകളാണ് പ്രളയക്കെടുതികൾ വിട്ടു മാറുന്നതിന് മുമ്പേ തന്നെ മെലിഞ്ഞുണങ്ങി തുടങ്ങിയത്. കഴിഞ്ഞ എട്ട് മുതൽ 15 വരെയുള്ള ദിവസങ്ങളിലായി പുഴകൾ തീരം തകർത്തൊഴുകിയിരുന്നത്. കരുവഞ്ചാൽ ടൗണിന് സമീപം വരെ വെള്ളപ്പൊക്കമുടലെടുത്തതിനെ തുടർന്ന് പരിസരത്തെ പല വീടുകളും വെള്ളത്തിൽ മുങ്ങിയിരുന്നു. രയരോം പുഴ കണ്ട ഏറ്റവും വലിയ മലവെള്ളപ്പാച്ചിലാണ് ഇത്തവണയുണ്ടായത്. രയരോം പുഴയോരത്തെ ഏക്കർ കണക്കിന് കൃഷിയിടങ്ങളും വെള്ളത്തിൽ മുങ്ങി. ചപ്പാരപ്പടവ് ടൗൺ ദിവസങ്ങളോളം വെള്ളത്തിൽ മുങ്ങിയിരുന്നു. മഴക്കാലം മാറി വെയിൽ തെളിഞ്ഞ് തുടങ്ങിയതോടെ ദിവസങ്ങൾക്കുള്ളിൽ പുഴകൾ വരണ്ടു തുടങ്ങിയ നിലയിലാണ്. വേനൽ ശക്തിപ്പെട്ട് തുടങ്ങുന്നതോടെ പുഴകൾ പൂർണ്ണമായി വറ്റി വരളുമെന്ന സൂചനയാണ് ഇപ്പോഴുള്ളത്.

ഇടതുപക്ഷ ഗവൺമെന്റിന്റെ ക്ഷേമപെൻഷൻ അട്ടിമറിക്കെതിരെ
പ്രതിഷേധ ധർണ്ണ
മുസ്ലിം ലീഗ്
2018 സപ്തം: 7 വെള്ളിയാഴ്ച
DIGITAL STUDIO & VIDEO

ക്ഷേമപെൻഷൻ അട്ടിമറിക്കുന്ന സംസ്ഥാന സർക്കാർ നടപടിക്കെതിരെ ധർമ്മശാലയിൽ മുസ്ലിംലീഗ് നടത്തിയ ധർണ്ണ പി. മുഹമ്മദ് ഇഖ്ബാൽ ഉദ്ഘാടനം ചെയ്യുന്നു.

റോഡ് തകർച്ച; കരുവഞ്ചാൽ വെള്ളാട് റൂട്ടിൽ ഗതാഗതം നിർത്തുന്നു

ആലക്കോട്: മലയോര മേഖലയിലെ പ്രധാന റോഡുകളിലൊന്നായ കരുവഞ്ചാൽ - വെള്ളാട് റോഡിൽ വാഹന ഗതാഗതം നിർത്തിവെക്കുന്നതിന് മോട്ടോർ തൊഴിലാളികൾ തയ്യാറെടുക്കുന്നു. കരുവഞ്ചാൽ ടൗൺ മുതൽ പള്ളിക്കവല വരെയുള്ള ഭാഗത്തെ റോഡ് പൂർണ്ണമായി തകർന്നു കിടക്കുന്നതാണ് ഗതാഗതം നിർത്തിവെക്കുന്നതിന് കാരണം. ടാറിംഗ് പൊട്ടിപ്പൊളിഞ്ഞ് അഗാധ ഗർത്തങ്ങൾ രൂപപ്പെട്ട നിലയിലാണ് റോഡ്. ചെറു വാഹനങ്ങളുടെ അടിഭാഗം കുഴികളിൽ തട്ടുന്നതിനാൽ ഇതുവഴിയുള്ള യാത്ര അത്യന്തം ദുഷ്ക്കരമായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് ഓട്ടോറിക്ഷ ഉൾപ്പെടെയുള്ളവ സർവ്വീസ് നിർത്തിവെയ്ക്കാൻ ഒരുങ്ങുന്നത്. വീതി കൂട്ടി മെക്കാടം ടാറിംഗ് നടത്തുന്നതിന് ഫണ്ട് അനുവദിച്ചതാണെങ്കിലും സ്ഥലം വിട്ടുകിട്ടുന്നതുമായി ബന്ധപ്പെട്ടുള്ള തർക്കത്തെ തുടർന്ന് ഇത് പാതി വഴിയിൽ നിലച്ചിരിക്കുകയാണ്. തകർന്നു കിടക്കുന്ന റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് അധികൃതർ യാതൊരു നടപടികളും സ്വീകരിക്കാത്തത് ജനങ്ങളിൽ വ്യാപക പ്രതിഷേധമുയർത്തിയിരിക്കുകയാണ്. ഇതുവഴിയുള്ള ഗതാഗതം നിലയ്ക്കുന്നത് ആയിരക്കണക്കിന് യാത്രക്കാരെ അതീവ ദുരിതത്തിലാഴ്ത്തുമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

DYFI
ഇന്ധന വിലവർദ്ധനവിൽ പ്രതിഷേധിച്ച്...
ആലക്കോട് പോസ്റ്റോഫീസ് മാർച്ച്
07-09-2018

ഇന്ധന വില വർദ്ധനക്കെതിരെ ഡി.വൈ.എഫ്.ഐ ആലക്കോട് പോസ്റ്റോഫീസിലേക്ക് നടത്തിയ മാർച്ച് കെ.പി. മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു.

പോസ്റ്റോഫീസിലേക്ക് ഡി.വൈ.എഫ്.ഐ മാർച്ച്

ആലക്കോട്: കുതിച്ചുകയറുന്ന ഇന്ധനവില കുറയ്ക്കാൻ നടപടികൾ സ്വീകരിക്കാത്ത കേന്ദ്ര സർക്കാർ അനാസ്ഥക്കെതിരെ ഡി.വൈ.എഫ്.ഐ ആലക്കോട് ബ്ലോക്ക് കമ്മിറ്റി പ്രവർത്തകർ ആലക്കോട് പോസ്റ്റോഫീസിലേക്ക് മാർച്ച് നടത്തി. ഋഷികേശ് ബാബുവിന്റെ അധ്യക്ഷതയിൽ ബ്ലോക്ക് സെക്രട്ടറി കെ.പി. മൊയ്തീൻ ഉദ്ഘാടനം ചെയ്തു. കെ. ഹരീഷ് പ്രസംഗിച്ചു. പി. സന്ദീപ് സ്വാഗതം പറഞ്ഞു. എ. ജിതിൻ, രാജി രാഘവൻ, ടി.പി. പ്രശോഭ്, വി. വിപിൻ, ഗോപാൽ നേതൃത്വം നൽകി. എസ്.ഐ സുനിൽകുമാറിന്റെ നേതൃത്വത്തിൽ പോലീസ് മാർച്ച് തടഞ്ഞു.

എ.ഐ.ടി.യു.സി ജില്ലാ സമ്മേളനത്തിന് തലശേരിയിൽ ഇന്ന് തുടക്കം

തലശേരി: എ.ഐ.ടി.യു.സി ജില്ലാ സമ്മേളനത്തിന് ഇന്ന് തുടക്കമാകും. ഇന്ന് വൈകിട്ട് 4.30ന് പുതിയ ബസ്സ്റ്റാന്റ് പരിസരത്ത് നടക്കുന്ന സെമിനാറോടെയാണ് സമ്മേളനത്തിന്റെ തുടക്കം. കേന്ദ്ര സർക്കാരിന്റെ തൊഴിൽ നയങ്ങളും തൊഴിലാളികളും എന്ന വിഷയം അവതരിപ്പിച്ച് സംസ്ഥാന വർക്കിംഗ് പ്രസിഡണ്ട് ജെ.ഉദയഭാനു സെമിനാർ ഉദ്ഘാടനം ചെയ്യും. ജില്ലാ പ്രസിഡണ്ട് താവം ബാലകൃഷ്ണൻ അധ്യക്ഷത വഹിക്കും. നാളെ കാലത്ത് പത്തിന് മഞ്ഞോടി ലിബർട്ടി ഓഡിറ്റോറിയത്തിലാണ് (എം.ഗോപി നഗർ) പ്രതിനിധി സമ്മേളനം. 350 പ്രതിനിധികൾ പങ്കെടുക്കും. സംസ്ഥാന ജന. സെക്രട്ടറി കെ.പി.രാജേന്ദ്രൻ ഉദ്ഘാടനം ചെയ്യും. സി.എൻ.ചന്ദ്രൻ, സി.പി.മുരളി, അഡ്വ.പി. സന്തോഷ്കുമാർ, വിജയൻ കുനിശേരി പങ്കെടുക്കുമെന്ന് സ്വാഗത സംഘം ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ജില്ലാ ജന. സെക്രട്ടറി സി. പി. സന്തോഷ്കുമാർ, അഡ്വ.പ്രദീപ് പുതുക്കുടി, എം. ബാലൻ, പൊന്ന്യം കൃഷ്ണൻ വാർത്താസമ്മേളനത്തിൽ സംബന്ധിച്ചു.

ലൈറ്റ് മോട്ടോർ തൊഴിലാളികൾ മാർച്ച് നടത്തി

കണ്ണൂർ: ഇന്ധനവില വർധനവിൽ പ്രതിഷേധിച്ച് ഓട്ടോ-ടാക്സി-ലൈറ്റ് മോട്ടോർ തൊഴിലാളി കോ-ഓർഡിനേഷൻ ജില്ലാ കമ്മിറ്റി കണ്ണൂർ ആർ.എസ് പോസ്റ്റോഫീസിലേക്ക് മാർച്ചും ധർണ്ണയും സംഘടിപ്പിച്ചു. സി.ഐ.ടി.യു ജില്ലാ സെക്രട്ടറി ടി.രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കോ-ഓർഡിനേഷൻ ജില്ലാ സെക്രട്ടറി പി.കെ.സത്യൻ സ്വാഗതം പറഞ്ഞു. ഓട്ടോ ഡ്രൈവേഴ്സ് യൂണിയൻ (സി.ഐ.ടി.യു) ജില്ലാ സെക്രട്ടറി യു.വി.രാമചന്ദ്രൻ അധ്യക്ഷത വഹിച്ചു. വി.കെ..ബാബുരാജ്, എൻ.കെ.ശ്രീനിവാസൻ മാസ്റ്റർ, എം.വേലായുധൻ, എ.വി.പ്രകാശൻ പ്രസംഗിച്ചു.